# അക്കാദമിക മാസ്റ്റർ പ്ലാൻ

# നൊച്ചാട്

## എ.എം.എൽ.പി. സ്കൂൾ
## നൊച്ചാട്

# മികവ്

**2025-2026**

പേരാമ്പ്ര ബി.ആർ.സി.
പേരാമ്പ്ര ഉപജില്ല
താമരശ്ശേരി വിദ്യാഭ്യാസ ജില്ല
നൊച്ചാട് ഗ്രാമപഞ്ചായത്ത്
പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്
കോഴിക്കോട് ജില്ല

# ഉള്ളടക്കം


| | |
|---|---|
| 1 | ആമുഖം |
| 2 | ലക്ഷ്യങ്ങൾ |
| 3 | വിദ്യാലയചരിത്രം |
| 4 | അക്കാദമിക രംഗം |
| 5 | പാഠ്യേതര രംഗം |
| 6 | പരിമിതി |
| 7 | പദ്ധതിരൂപീകരണ പ്രക്രിയ |
| 8 | അവസ്ഥാവിശകലനം |
| 9 | സ്റ്റാഫ് അംഗങ്ങള് -ചുമതലകൾ |
| 10 | അനുബന്ധം |
| 11 | അക്കാദമികം |
| | മലയാളം |
| | ഇംഗ്ലീഷ് |
| | ഗണിതം |
| | അറബിക് |
| | കായികം |
| | ശാസ്ത്രം |
| | സാമൂഹ്യശാസ്ത്രം |
| | ഹിന്ദി |
| | ജൈവവൈവിദ്ധ്യപാർക്ക് |
| | ലൈബ്രറി |
| 12 | ഭൗതികം |
| 13 | സാമൂഹികം |
| 14 | അനുബന്ധം |

## ആമുഖം

നവകേരളമിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പൊതുവിദ്യാഭ്യാസരംഗം നാളിതുവരെ ദർശിച്ചിട്ടില്ലാത്ത വിധത്തിലുള്ള പ്രവർത്തനങ്ങളുമായി മുന്നേറുകയാണ്. സമൂഹത്തിന്റെ ഉയർന്ന പ്രതീക്ഷയ്ക്കൊത്ത് പൊതു വിദ്യാലയങ്ങളെ പരിവർത്തിപ്പിക്കുന്നതിനുള്ള അതിബൃഹത്തും സമഗ്രവുമായ ജനകീയയജ്ഞമാണ് വിഭാവനം ചെയ്യുന്നത്. ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ ഒന്നൊന്നായി നടപ്പിലാക്കിവരികയാണ്. വിദ്യാഭ്യാസനിലവാരം ഉയർത്താനുള്ള ആസൂത്രിതമായ അക്കാദമിക പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ടുമാത്രമേ അന്താരാഷ്ട്രനിലവാരമുള്ള ആസൂത്രിതമായ വിദ്യാഭ്യാസം എന്നലക്ഷ്യം സാക്ഷാത്കരിക്കാനാകൂ. ഇതിനുവേണ്ടിയാണ് ഓരോ സ്കൂളുകളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്.

സമഗ്രഗുണമേന്മ വിദ്യാലയ വികസന പദ്ധതികളും ഭൗതിക വികസനത്തിനുള്ള മാസ്റ്റർപ്ലാനും തയ്യാറാക്കുമ്പോൾ അക്കാദമികമികവിനായിരിക്കും ഊന്നൽ. മികവിന്റെ കേന്ദ്രങ്ങളാക്കി വിദ്യാലയങ്ങളെ മാറ്റുന്നതിന് വ്യക്തമായ പദ്ധതികൾ ആസൂ ത്രണം ചെയ്യണം. ലക്ഷ്യത്തിലെത്തിച്ചേരുവാൻ ആസൂത്രണം ചെയ്യുന്ന പദ്ധതികൾ ഉൾപ്പെടുന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

### അന്താരാഷ്ട്ര നിലവാരത്തിലേക്ക്

കേരളത്തിലെ മുഴുവൻ പൊതു വിദ്യാലയങ്ങളും ശക്തിപ്പെടുത്തുക എന്നതും മുഴുവൻകുട്ടികളും പൊതുവിദ്യാഭ്യാസ സംവിധാനത്തെ പ്രയോജനപ്പെടുത്തുക എന്നതും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യമാണ്. അവസരതുല്യത, പങ്കാളിത്തം, ഗുണനിലവാരം, മാനവികത എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. പാഠപുസ്തകത്തിനപ്പുറത്തേക്ക് പഠന പ്രവർത്തനങ്ങളെ വികസിപ്പിക്കുക. പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക. നിരന്തര മൂല്യനിർണ്ണയം, വിലയിരുത്തൽ തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ നിർദ്ദേശങ്ങളും പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ്മുറികളിൽ നടക്കേണ്ടതെന്ന വിദ്യാഭ്യാസ അവകാശനിയമം മുന്നോട്ടുവെക്കുന്ന ആശയങ്ങളിലും ഊന്നിനിന്നു കൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- നാലാം ക്ലാസ് പിന്നിടുന്ന കുട്ടിയെ ഭാഷ, ഗണിതം, ശാസ്ത്രം എന്നീ വിഷയങ്ങളിൽ ഉയർന്ന നിലവാരം ഉറപ്പാക്കും
- ഓരോ കുട്ടിയും രണ്ടു ഭാഷയിലെങ്കിലും ആശയവിനിമയശേഷി കൈവരിക്കണം.

- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.
- പ്രതിഭാധനർക്ക് പ്രത്യേക പ്രതിഭാ പോഷണപദ്ധതികൾ ഉറപ്പാക്കും.
- കലാ-കായിക-പ്രവൃത്തിപരിചയ പഠനത്തിൽ പങ്കാളിത്തവും താൽപര്യവും ഉറപ്പാക്കും. . ഐ.സി.ടി. അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതികസൗകര്യവും അക്കാദമിക തയ്യാറെടുപ്പും ഉറപ്പാക്കും.
- പ്രാദേശിക വിഭവങ്ങൾ സംരംഭങ്ങളുടേയും സേവനം സ്കൂളിൽ ഉപയോഗപ്പെടുത്തും. പഠനത്തിലെ പിന്നോക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം ഉറപ്പാക്കും.
- സ്കൂൾ ലൈബ്രറി, ലബോറട്ടറി, കമ്പ്യൂട്ടർ ലാബ് എന്നിവ ആധുനികവൽക്കരിച്ച് പഠന പ്രക്രിയയുടെ ഭാഗമാക്കും.
- ലഘുപഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ദരുടെ ക്ലാസ്സുകൾ തുടങ്ങിയവ ലഭ്യമാക്കും.
- കാർഷികസംസ്കാരം പുതിയതലമുറയിൽ വളർത്തിയെടുക്കും.
- മാലിന്യമുക്ത-പ്ലാസ്റ്റികരഹിത-ലഹരിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കും. അമ്മമാർക്ക് തൊഴിൽ പരിശീലനം നൽകും.
- മതനിരപേക്ഷ ജനാധിപത്യമൂല്ല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തും.
- 1000 മണിക്കൂർ അദ്ധ്യായനം ഉറപ്പുവരുത്തും.

### വിദ്യാലയ ചരിത്രം

ഗുരുകുലത്തിൽനിന്നും ആരംഭിച്ച് ഓത്തുപള്ളിക്കൂടമായി പിന്നീട് നൊച്ചാട് മാപ്പിള എൽ.പി. സ്കൂൾ എന്ന ഖ്യാദി നേടിയ ഈ സ്ഥാപനം 1911 ലാണ് ആരംഭിച്ചത്. തറവട്ടത്ത് അമ്മദ് മുസ്ലിയാരാണ് ഇതിന്റെ സ്ഥാപകൻ. 1964 ൽ ഇദ്ദേഹത്തിന്റെ മരണശേഷം മകൻ പാഫ: ടി. അബ്ദുള്ള സാഹിബ് മാനേജരായി. സാഹിബ് മാനേജരായി. തുടർന്ന് അനുജൻ അബൂബക്കർ മാഷിന് കൈമാറി. അദ്ധേഹം അദ്ദേഹത്തിന്റെ ഭാര്യ വി.പി. കദീജക്ക് കൈമാറി. അവരുടെ മരണശേഷം മകൻ മുഹമ്മദ് മാസ്റ്റർ ആണ് ഇപ്പോൾ മാനേജർ.

## വിദ്യാഭ്യാസ മേഖല

നമ്മുടെ ഭരണഘടനയിൽ 14 വയസ്സ് വരെയുള്ള കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവുമായി വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്ന തത്വങ്ങളുടെ അന്തസ്സത്ത ഉൾക്കൊണ്ട് നമ്മുടെ പൂർവ്വികന്മാർ 1911ൽ ഈ സ്ഥാപനം ആരംഭിച്ചു.

## വിദ്യാലയത്തിന്റെ തുടക്കം

ബഹുമാന്യനായ ശ്രീ. തറവട്ടത്ത് അമ്മദ് മുസ്ലിയാരാണ് ഈ സ്കൂൾ സ്ഥാപിച്ചത്. അതിപ്രഗത്ഭരായ അനേകം അധ്യാപകർ ഈ സ്ഥാപനത്തിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1911 ൽ പണിക്കരുടെ സഹായത്തോടെ കൊല്ലന്റെ കണ്ടിപറമ്പിൽ സ്കൂൾ സ്ഥാപിക്കപ്പെട്ടു.

## ആദ്യകാല പ്രവർത്തനം

ഈ സ്ഥാപനത്തിലെ ആദ്യത്തെ വിദ്യാർത്ഥി തച്ചമ്പത്ത് അമ്മദ്, വിദ്യാർത്ഥിനി കണ്ണാറക്കണ്ടി കദീസ എന്നിവരാണ്. അക്കാലത്ത് മുസ്ലിം പെൺകുട്ടികൾ വിവാഹശേഷവും സ്കൂൾ പഠനത്തിനായി എത്തിയെന്നത് ഏറെ കൗതുകമുണ്ടാക്കുന്ന കാര്യമാണ്. ഒന്നാം ക്ലാസിൽ പോലും വളരെ മുതിർന്ന കുട്ടികളാണ് പഠിച്ചിരുന്നത്. 1997 വരെ സ്കൂളിൽ 200 ഓളം കുട്ടികൾ പഠിച്ചിരുന്നെങ്കിലും പഠനനിലവാരം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

## അക്കാദമികരംഗം

ഈ സ്കൂൾ പാഠ്യ-പാഠ്യേതര രംഗങ്ങലിൽ എക്കാലത്തും ഉയർന്ന നിലവാരം പുലർത്തുകയും സബ്ജില്ലാ, ജില്ലാതല മത്സരങ്ങളിൽ ഒട്ടേറെ വിജയം കൈവരിക്കുകയും ചെയ്തിട്ടുണ്ട്. നാടിന്റെ അഭിമാനം കാത്തുകൊണ്ട് ഒരു മാതൃവിദ്യാലയം എന്ന നിലയിൽ നിരവധി കുട്ടികൾക്ക് അറിവിന്റെ ആദ്യാക്ഷരം പകർന്ന് നൽകാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

## പാഠ്യേതര രംഗം

ശാസ്ത്ര-ഗണിത ശാസ്ത്ര-പ്രവൃത്തി പരിചയമേളയിലും സബ്ജില്ലാ കലാമേളയിലും സജീവമായി പങ്കെടുക്കുകയും മുൻനിരയിലെത്തി മികച്ച നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തിട്ടുണ്ട്.

## പരിമിതി

ഈ നേട്ടങ്ങളെയെല്ലാം കൈവരിക്കുന്നുണ്ടെങ്കിലും പഠന പ്രവർത്തനങ്ങളിൽ നൂതന സാങ്കേതിക വിദ്യ അതായത് ഐ.സി.ടി. സാധ്യത ഉപയോഗപ്പെടുത്താൻ ഇന്നും പരിമിതികൾ ഏറെയാണ്. കമ്പ്യൂട്ടർ റൂം, ലൈബ്രറിറൂം, സ്മാർട്ട്ക്ലാസ്സ് റൂം, കമ്പ്യൂട്ടർ, ലബോറട്ടറി, കളിസ്ഥലം, ചുറ്റുമതിൽ, കവാടം മുതലായവയുടെ അപര്യാപ്തത ഞങ്ങളെ വത്താതെ അലട്ടുന്നുണ്ട്.

# പദ്ധതി രൂപീകരണ പ്രക്രിയ

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയത്തിന്റെ വികസകാഴ്ചപ്പാട് രൂപീകരിക്കുന്ന സ്കൂൾ സമഗ്രവികസന രേഖ തയ്യാറാക്കുന്നതുമായി മുഴുവൻ അധ്യാപകരുടേയും ഒരു ആലോചനായോഗം പി.ടി.എ. പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർത്തു. സമൂഹത്തിന്റെ സമസ്തമേഖലയിൽനിന്നുള്ള അഭിപ്രായങ്ങളും തിർദ്ദേശങ്ങളും സ്വാംശീകരിച്ചുകൊണ്ടാണ് വികസനകാഴ്ചപ്പാട് രൂപീകരിച്ചത്.

**അവസ്ഥാപഠനം**

**ഭൗതികസാഹചര്യം**

| **സംവിധാനങ്ങൾ** | **നിലവിലെ അവസ്ഥ** |
|---|---|
| ക്ലാസ്സ്മുറികൾ | ശിശുസൗഹൃദക്ലാസ്സ് |
| ടോയ്ലറ്റുകൾ | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മൂത്രപ്പുരകൾ |
| കുടിവെള്ളം | കിണറ്റിലെ വെള്ളം തിളപ്പിച്ചാറ്റി നൽകുന്നു. |
| സ്മാർട്ട് ക്ലാസ്സ്മുറി | നിലവിലില്ല |
| ചുറ്റുമതിൽ | ഇല്ല |
| കളിസ്ഥലം | കളിസ്ഥലം ഉണ്ട് |
| റാമ്പ് സൗകര്യം | ഉണ്ട് |
| ഓഫീസ് മുറി | ഉണ്ട് |
| കമ്പ്യൂട്ടർ ലാബ് | ഇല്ല |
| അടുക്കളയും വിതരണ കേന്ദ്രവും | പാചകപ്പുര , ഭക്ഷണവിതരണ ത്തിന് പ്രത്യേക സൗകര്യം ഉണ്ട് |
| സ്റ്റോർ മുറി | ഉണ്ട് |
| ഇടച്ചുമർ | ഉണ്ട് |
| ലൈബ്രറി | പ്രത്യേക സ്ഥലമില്ല |
| പാർക്ക് | കുട്ടികളുടെ പാർക്ക് ഇല്ല |
| മഴവെള്ള സംഭരണി | ഉണ്ട് |
| മാലിന്യസംസ്കരണ സംവിധാനം | ഉണ്ട് |
| വൈദ്യുതീകരണം | എല്ലാ ക്ലാസ് മുറികളും വൈദ്യുതീകരിച്ചതാണ്. |
| ലാപ്ടോപ്പ്/പ്രൊജക്ടർ | ഉണ്ട് |
| ഇന്ററാക്ടീവ് വൈറ്റ് ബോർഡ് | ഉണ്ട് |
| ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട് |

നഴ്സറി മുതൽ 4 വരെ ക്ലാസുകളിലേക്കുള്ള അധ്യയനമാണ് ഇവിടെ നടക്കുന്നത്.

| ക്ലാസ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| 1 | 2 | 7 | 9 |
| 2 | 8 | 5 | 13 |
| 3 | 9 | 9 | 18 |
| 4 | 13 | 5 | 18 |

- ഈ വിദ്യാലയത്തിൽ കുട്ടികൾക്ക് ഇരിക്കാനാവശ്യമായ ബെഞ്ച്, ഡസ്ക്ക് മുതലായവ ആവശ്യത്തിനുണ്ട്. എന്നാൽ കുട്ടികളുടെ പുസ്തകം സൂക്ഷിക്കുവാനുള്ള സൗകര്യം ഇല്ല.
- ഐ.സി.ടി. സാധ്യത വേണ്ടത്ര രീതിയിൽ ഉപയോഗപ്പെടുത്താനുള്ള കമ്പ്യൂട്ടർ സൗകര്യങ്ങളോ കമ്പ്യൂട്ടർ ലാബുകളോ ഇല്ല.
- സ്മാർട്ട് ക്ലാസ് റൂമും ആവശ്യമായ കമ്പ്യൂട്ടറുകളും അനിവാര്യമാണ്.
- കുട്ടികൾക്കാവശ്യമായ 1500 ൽ അധികം ലൈബ്രറി പുസ്തകങ്ങളും റഫറൻസ് പുസ്തകങ്ങളും ഇവിടെ ഉണ്ട്. എന്നാൽ ഇരുന്നു വായിക്കാനുള്ള വായനാമുറികൾ ഇല്ല.
- ഈ സ്കൂളിൽ മൂന്ന് വ്യത്യസ്ത പത്രങ്ങൾ കേരളകർഷകൻ, മാധ്യമം ആഴ്ച്ചപ്പതിപ്പ് എന്നിവ വരുത്തുന്നുണ്ട്.
- ജലലഭ്യത : ഒരിക്കലും വറ്റാത്ത കിണറുണ്ട്.
- കൈ കഴുകുന്നതിന് ആവശ്യമായ ടാപ്പുകളുണ്ട്.
- ആവശ്യമായ ടോയ്ലറ്റ് ഇവിടെയുണ്ട്.
- വിദ്യാലയത്തിൽ തന്നെ പോഷകസമൃദ്ധമായ ഉച്ചഭക്ഷണവും
- പൊടിയരിക്കഞ്ഞിയും ആഴ്ചയിൽ രണ്ട് ദിവസം പാൽ, ഒരുദിവസം മുട്ടയും കുട്ടികൾക്ക് നൽകുന്നു.
- നിശ്ചിത ഇടവേളകളിൽ കിണർ വൃത്തിയാക്കുന്നു.
- കുട്ടികൾക്കാവശ്യമായ തിളപ്പിച്ചാറ്റിയ വെള്ളം സ്കൂളിൽ ലഭ്യമാണ്.
- ഓരോ ക്ലാസ്സുകളിലും ആവശ്യത്തിന് ഫാനും ലൈറ്റും ഉണ്ട്.

**സ്റ്റാഫ് അംഗങ്ങൾ**

എ).കെ. അസ്മ(എച്ച്.എം)
കെ.എ). ലിനിയ
എൻ. റിയാസ്
കെ.വി. അസിദ
കെ വി ഷംല
പി. ബീന (നഴ്സറി)

## ചുമതലകൾ

| | | |
|---|---|---|
| എ കെ അസ്മ | : | പൊതു ഭരണം,ഉച്ച ഭക്ഷണം, ശുചിത്വം , ടൈം ടേബിൾ |
| കെ എ ലിനിയ | : | സ്റ്റാഫ് സെക്രട്ടറി, കലാമേള, എൽ എസ് എസ്, ഗണിത ക്ലബ്, ജാഗ്രതാ സമിതി, നൂൺ മീൽ |
| എൻ റിയാസ് | : | എസ് ആർ ജി കൺവീനർ, ഹരിത ക്ലബ്, വിദ്യാരംഗം, ഹെൽത്ത് & എനർജി ക്ലബ്, നൂൺ മീൽ |
| കെ വി അസിദ | : | സയൻസ് ക്ലബ്, ഇംഗ്ലീഷ് ക്ലബ്, പ്രവർത്തി പരിചയം ഐ ഇ ടി ചാർജ്, പ്രതിമാസ കലണ്ടർ |
| കെ വി ഷംല | : | അറബിക് ക്ലബ്, പഠന യാത്ര, കായിക മേള, സോഷ്യൽ ക്ലബ്, PSITC, സ്റ്റുഡൻസ് സേവിംഗ്സ് സ്കീം |

## അനുബന്ധം

അനേകം വർഷങ്ങളും പരിചയത്തഴക്കവും പ്രമുഖ വിദ്യാഭ്യാസ വീക്ഷകന്മാരുടേയും പ്രശസ്ത മനശാസ്ത്രജ്ഞൻമാരുടേയും സാമൂഹിക-മത-രാഷ്ട്രീയ ഇടപെടലുകളുടേയും നാട്ടിലെ പൊതുപ്രവർത്തകരുടേയും നാടിന്റെ തലമുറകളുടെ ചരിത്രവുമാണ് ഈ സൃഷ്ടി ക്കാധാരം.

ഇതിൽ പറയുന്ന ഓരോ കാഴ്ചപ്പാടും പ്രവർത്തനങ്ങളും അംഗീകരിക്കാനും അത നുസരിച്ചുള്ള ലക്ഷ്യങ്ങൾ കൈവരിക്കാനും ഞങ്ങൾ ബാധ്യസ്ഥരാണ്.

മേഖല : അക്കാദമികം ഉപ മേഖല : ഭാഷാപരമായ വികാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായം | സാമ്പത്തികം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|---|
| ഭാഷണം മെച്ചപ്പെടുത്തൽ | • ചിത്രവായന<br>• അനുഭവങ്ങൾ പറയിപ്പിക്കുക<br>• കേട്ട കഥ പറയൽ<br>• തത്സമയ വിവരണം<br>• പ്രസംഗം - ബാലസഭ<br>• കളിവിവരണം | ജൂൺ - മാർച്ച് | ക്ലാസ് അദ്ധ്യാപകർ വിദ്യാരംഗം കൺവീനർ | പി.ടി.എ. | | പി.ടി.എ. പൂർവ്വ വിദ്യാർത്ഥികൾ |
| | ◆ പഴയതും പുതിയതുമായ ബാല പ്രസിദ്ധീകരണങ്ങൾ കുട്ടികളെ ക്കൊണ്ട് വായിപ്പിക്കുക. ശേഷം കഥകൾ പറയിപ്പിക്കുക.<br>◆ഡയറിവായന വായന | ജൂൺ - മാർച്ച് | ക്ലാസ് അദ്ധ്യാപകർ വിദ്യാരംഗം കൺവീനർ | ബി.ആർ.സി പി.ഇ.സി. | | |
| | ◆ആകാശവാണി ക്ലബ്ബ്<br>◆ കഥ വായിപ്പിക്കൽ<br>◆ കൃത്യമായി അക്ഷരങ്ങൾ കൂട്ടിവായിക്കൽ | 1 വർഷത്തിൽ കൂടുതൽ ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ ബി.ആർ.ജി. കൺവിനർ | പി.ടി.എ. ബി.ആർ.സി | 10000 | |
| | . കുഞ്ഞുങ്ങൾക്കൊരു കുഞ്ഞുലൈബ്രറി | ദീർഘകാലം | ലൈബ്രറി ചുമതലയുള്ള ടീച്ചർ | പി.ടി.എ. പൂർവ്വ വിദ്യാർത്ഥികൾ | 2000 | പി.ടി.എ. പൂർവ്വ വിദ്യാർത്ഥികൾ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായം | സാമ്പത്തികം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|---|
| വായന മെച്ചപ്പെടുത്തൽ | ചിഹ്നങ്ങൾഉറപ്പിക്കൽ<br><br>അക്ഷര മരം<br><br>എല്ലാ അക്ഷരങ്ങളും ചേർത്ത് വിവിധ വർണ്ണ ങ്ങളിൽ ലാമിനേറ്റ്കാർഡുകളിൽ അക്ഷരങ്ങൾ എഴുതി ധാരാളം ചില്ലകളുള്ള മരക്കൊമ്പെടുത്ത്കൃത്രിമമരംഉണ്ടാക്കുന്നു. | ദീർഘകാലം | ക്ലാസ് ടീച്ചർ | പി.ഇ.സി.<br>പി.ടി.എ.<br>ടീച്ചേഴ്സ് | 3000 | പി.ഇ.സി.<br>പി.ടി.എ.<br>ടീച്ചേഴ്സ് |
| | • പോസ്റ്റർ, നോട്ടീസ് വായന<br>• സഞ്ചരിക്കുന്ന ലൈബ്രറി<br>• സ്കൂൾലൈബ്രറി<br>• ഗൃഹലൈബ്രറി<br>• പുസ്തകോത്സവം<br>• ദിനാചരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അസംബ്ലിയിൽ വായിപ്പിക്കുന്നു<br>നോവൽ, ചെറുകഥ, ലേഖനം, ഉപന്യാസം, ഫലിതങ്ങൾ എന്നിവ വായിക്കൽ | ജൂൺ - മാർച്ച്<br><br>ദീർഘകാലം<br>ജൂൺ - മാർച്ച്<br>ജൂൺ<br><br>ജൂൺ - മാർച്ച്<br><br>ജൂൺ - മാർച്ച് | എച്ച്.എം.<br><br>ക്ലാസ് അധ്യാപകൻ<br>ലൈബ്രറി ചുമതലയുള്ള അധ്യാപകൻ | പി.ടി.എ.<br><br>ബി.ആർ.സി.<br><br>പി.ഇ.സി.<br>വിവിധ ക്ലബ്ബുകൾ | 1000<br><br>10000 | പി.ടി.എ.<br><br>ബി.ആർ.സി.<br>പി.ഇ.സി |
| | | | | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായം | സാമ്പത്തികം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|---|
| വായന മെച്ചപ്പെടുത്തൽ | ഉച്ചാരണ ശുദ്ധിയോടെ പദങ്ങൾ, വാക്യങ്ങൾ,എന്നിവ വായിക്കൽ<br>പത്ര പാരായണം അസംബ്ലിയിൽ<br>ഡയറി പാരായണം അസംബ്ലിയിൽ<br>മഹത് വചനപാരായണം അസംബ്ലിയിൽ | ജൂൺ - മാർച്ച് | ക്ലാസ് അദ്ധ്യാപകർ<br>എച്ച് എം<br>ക്ലാസ് ലീഡർ | പൂർവ്വ വിദ്യാർത്ഥികൾ<br>ബി.ആർ.സി<br>പി.ഇ.സി.<br>പി.ടി.എ. | | പൂർവ്വ വിദ്യാർത്ഥികൾ |
| | വായനക്കാർഡ്<br>അക്ഷര കാർഡ് | ജൂൺ - മാർച്ച് | ക്ലാസ് അദ്ധ്യാപകർ<br>എച്ച് എം<br>ക്ലാസ് ലീഡർ | ബി.ആർ.സി<br>ടീച്ചേഴ്സ് | 1000 | ബി.ആർ.സി<br>ടീച്ചേഴ്സ് |
| | ഐ.സി.ടി. ഉപയോഗപ്പെടുത്തൽ കവിതകൾ കേൾക്കൽ, കഥ കേൾക്കൽ, കവികളെ അറിയാൻ ഡിജിറ്റൽ പഠനവിഭവങ്ങൾ ദൃശ്യങ്ങളായും ശ്രാവ്യങ്ങളായും വിനിമയം ചെയ്യാൻ | ദീർഘകാലം | എച്ച് എം<br>പി.ടി.എ.പ്രസിഡണ്ട്<br>എംപി.ടി.എ.പ്രസിഡണ്ട് | മാനേജ്മെന്റ്<br>പൂർവ്വവിദ്യാർത്ഥികൾ<br>പഞ്ചായത്ത് പി.ടി.എ<br>ടീച്ചേഴ്സ് | 1 ലക്ഷം | എം.എൽ.എ<br>പഞ്ചായത്ത്<br>മാനേജ്മെന്റ് |
| | സാധ്യതയുള്ള പാഠഭാഗങ്ങൾ ഡിജിറ്റൽ ങ്ങൾ, വീഡിയോ ക്ലിപ്പുകൾ, ആനിമേഷനുകൾ, ഇന്ററാക്ടീവ് അറ്റുകൾ തുടങ്ങിയ ഡിജിറ്റൽ സങ്കേതങ്ങൾ ടീച്ചർ സ്വയം നേരിട്ട് പാഠഭാഗവുമായി ബന്ധിപ്പിച്ച് ക്ലാസിൽ പ്രദർശിപ്പിക്കുന്നു. | ജൂൺ - മാർച്ച് | എസ്.ആർ.ജി.<br>കൺവീനർ | ബി.ആർ.സി<br>പി.ടി.എ) | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായം | സാമ്പത്തികം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|---|
| ലേഖനംമെച്ചപ്പെടുത്തൽ | • മണലെഴുത്ത് : കുട്ടികളുടെകൈ അധ്യാപികപിടിച്ച് അക്ഷരങ്ങൾ എഴുതിക്കുന്നു. ഇത് പിന്നോക്കക്കാരെ പരിഗണിച്ചുകൊണ്ടാണ്<br>• കുഞ്ഞുമാസികകളുടെ നിർമ്മാണം<br>• ബാലമാസികയ്ക്ക് പേരിടൽ<br>• അടിക്കുറിപ്പ് എഴുതൽ<br>• കേട്ടെഴുത്ത്<br>• അക്ഷരക്കാർഡ് നിർമ്മാണം<br>• സൂചനാബോർഡുകൾ<br>• കടങ്കഥകൾ, ശൈലികൾ, പഴഞ്ചൊല്ലുകൾ ഇവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ<br>• ആസ്വാദനക്കുറിപ്പ്(ആഴ്ചയിൽഒരെണ്ണം)<br>• വായിച്ച പുസ്തകങ്ങളുടെ വിശകലനക്കുറിപ്പ് തയ്യാറാക്കുക.<br>• നിവേദനം തയ്യാറാക്കൽ<br>• ചുമർപത്രിക തയ്യാറാക്കൽ | ജൂൺ - ആഗസ്റ്റ്<br><br>ആഗസ്റ്റ്- മാർച്ച്<br><br>ആഗസ്റ്റ് - ജനുവരി | എച്ച് എം ക്ലാസ് അദ്ധ്യാപകർ സഹ അധ്യാപകൻ | ബി.ആർ.സി<br><br>പി.ടി.എ. | 1000<br><br>5000 | പി.ടി.എ. ടീച്ചേഴ്സ് |
| | • വിവിധതരം വ്യവഹാരരൂപങ്ങൾ തയ്യാറാക്കുക<br>• കഥാപൂരണം<br>• കവിതാപൂരണം<br>• മാഗസിൻ നിർമ്മാണം | ജൂൺ- മാർച്ച് | ക്ലാസ് അദ്ധ്യാപകർ വിദ്യാരംഗം കൺവീനർ | ബി.ആർ.സി. പി.ഇ.സി | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായം | സാമ്പത്തികം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|---|
| ലേഖനം മെച്ചപ്പെടുപ്പെടുത്തൽ | യാത്രാവിവരണം | ഫിബ്രവരി-മാർച്ച് | ക്ലാസ് ടീച്ചർ | പി.ടി.എ<br>സഹഅധ്യാപകർ | 6000 | പി.ടി.എ<br>ടീച്ചേഴ്സ് |
| സർഗ്ഗാത്മകത മെച്ചപ്പെടുത്തൽ | സംഭാഷണ രചന<br>ഒരു കുട്ടി ഒരു മാഗസിൻ<br>അഭിനയക്കളരി | ജൂൺ-മാർച്ച് | ക്ലാസ് അധ്യാപകൻ<br>വിദ്യാരംഗം കൺവീനർ | | | |
| | കഥ, കവിത, നാടൻപാട്ട്, ശില്പശാലകൾ | മാർച്ച് | വിദ്യാരംഗം കൺവീനർ | എച്ച് എം<br>സഹ അധ്യാപകൻ<br>രക്ഷിതാക്കൾ | 4000 | പി.ടി.എ<br>ബി.ആർ.സി<br>ടീച്ചേഴ്സ് |
| | • റോൾ പ്ലേ<br>• കഥാപൂരണം<br>• കവിതാപൂരണം<br>• മൈമിംഗ്<br>• നാടൻപാട്ട്, കൊയ്ത്തുപാട്ട്, ഞാറ്റുപാട്ട്,വഞ്ചിപ്പാട്ട് ഇവയുടെ ശേഖരണം<br>രണ്ടാഴ്ചയിൽ ഒരുദിവസം ബാലസഭ | | ക്ലാസ് അധ്യാപകൻ<br>വിദ്യാരംഗം കൺവീനർ | പി.ടി.എ | | |
| | • തെങ്ങോലകൊണ്ടുള്ള വിവിധ ഉൽപ്പന്നങ്ങൾ<br>• കളിപ്പാട്ടനിർമ്മാണ ശില്പശാല<br>• പഠനോപകരണ നിർമ്മാണം | ജൂൺ-മാർച്ച് | ക്ലാസ് അധ്യാപകൻ<br>വിദ്യാരംഗം കൺവീനർ | ബി.ആർ.സി | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായം | സാമ്പത്തികം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|---|
| സമൂഹവുമായുള്ള ബന്ധം മെച്ചപ്പെടുത്തൽ | • കോർണർ പി.ടി.എ.<br>• പ്രാദേശിക വൈദഗ്ദ്യം ഉള്ളവരെ പ്രയോജനപ്പെടുത്തൽ<br>• പ്രാദേശിക പഠന യാത്രകൾ, സ്ഥാപനസന്ദർശനം<br>• നവമാധ്യമങ്ങളിലൂടെ വിദ്യാലയത്തിന്റെ തനതായ പ്രവർത്തനങ്ങൾ പങ്കിടൽ<br>• എന്റെ നാട് - ദിനാചരണങ്ങൾ, ഡയറി<br>• സെമിനാറുകൾ ജനപ്രതിനിധികളെ പങ്കെടുപ്പിക്കൽ അക്കാദമിക മൂല്യവും സാമൂഹ്യ മൂല്യവുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ | ജൂൺ - മാർച്ച്<br>ഒക്ടോബർ മാർച്ച്<br>ജൂൺ - മാർച്ച് | എച്ച് എം ടീച്ചേഴ്സ് | അധ്യാപകർ | 5000 | പി.ടി.എ<br>സ്റ്റാഫ്<br>പി.ഇ.സി |
| **മേഖല : അക്കാദമികം ഉപമേഖല : ഇംഗ്ലീഷ് ഭാഷ** | | | | | | |
| എല്ലാകുട്ടികൾക്കും ഇംഗ്ലീഷ്ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | • പഠനനില കണ്ടെത്തി പ്രി ടെസ്റ്റ് നടത്തിവിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾപരിഹരിക്കുന്നതിനാവശ്യമായ പ്രവർത്ത നങ്ങൾ തയ്യാറാക്കുന്നു.<br>• ഇംഗ്ലീഷ് അസംബ്ലി<br>• ഇംഗ്ലീഷ് ഡയറിക്കുറിപ്പ്<br>• ഇംഗ്ലീഷ് ക്ലാസ് ലൈബ്രറി<br>• ഇംഗ്ലീഷ് സ്കൂൾ ലൈബ്രറി | ജൂൺ<br>ജൂൺ അവസാനവാരം<br>ആഗസ്റ്റ് മാർച്ച്<br>ഒക്ടോബർ മുതൽ | ക്ലാസ് അദ്ധ്യാപകർ<br>എസ് ആർ ജി കൺവീനർ | എച്ച് എം പി.ടി.എ)<br>സഹഅധ്യാപകർ<br>ബി.ആർ.സി | 500<br>1000 | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായം | സാമ്പത്തികം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|---|
| | • വായനാസാമഗ്രികൾ, ലഘുവായനാ പുസ്ത കം, പത്രം.<br>• ഇംഗ്ലീഷ് ഡെ - മാസത്തിൽ ഒരുദിവസം<br>• ഇംഗ്ലീഷ് പതിപ്പ്<br>• ഇംഗ്ലീഷ് മാഗസിൻ<br>• റൈം<br>• സ്റ്റോറി പ്രസന്റേഷൻ<br>• ന്യൂസ് റീഡിംഗ്<br>• പ്ലേ ഗെയിം<br>സൗണ്ട് ഓഫ് അനിമൽ/ബേർഡ്<br>കോൺവർസേഷൻ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | | | |
| **മേഖല : അക്കാദമികം ഉപമേഖല : ഗണിതാഭിരുചി** | | | | | | |
| പ്രശ്ന പരിഹാരത്തിനായി ചതുഷ്ക്രിയകൾ ഉപയോഗിക്കാൻ കുട്ടിയെപ്രാപ്തരാക്കൽ | • ക്രിയാചിഹ്നങ്ങൾ പരിചയപ്പെടൽ<br>• ഗുണനപട്ടിക രൂപീകരിക്കൽ<br>• വഴികണ്ടെത്താമോ<br>• പസ്സിലുകൾ<br>• പാറ്റേൺ<br>• കുസൃതിക്കണക്ക്<br>• സംഖ്യാഗാനം<br>• സംഖ്യാകേളി | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | എച്ച് എം സഹഅധ്യാപകർ | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായം | സാമ്പത്തികം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|---|
| കുട്ടികളിൽ ഗണിതാഭിരുചി വളർത്തൽ | • പാമ്പും കോണിയും<br>• ഗെയിം ബോർഡ്<br>• മാന്ത്രിക ചതുരം<br>• കലണ്ടർ | | | | | |
| **മേഖല : അക്കാദമികം ഉപമേഖല : അറബിക്** | | | | | | |
| ഭാഷണം മെച്ചപ്പെടു ത്തൽ | ചിത്രവായന, കേട്ട കഥ പറയൽ, ബാലസഭ, പദ്പയറ്റ് ചർച്ച, കവിതാവായന<br>അറബിക് അസംബ്ലി | ജൂൺ - മാർച്ച് | അറബിക് അധ്യാപകൻ | | | 500 |
| വായന മെച്ചപ്പെടു ത്തൽ | ചിത്രവായന, അക്ഷരപ്പാട്ട്, അക്ഷരത്തോട്ടം, തോട്ടത്തിൽ അക്ഷരമെഴുതിയ കാർഡ് വിതരറുന്നു. കൂട്ടിവെക്കുകയോ യോജിപ്പിച്ചുനോക്കിയാൽ പാഠപുസ്തകത്തിൽ പഠിപ്പിച്ച ജീവികളുടേയും പഴങ്ങളുടേയും പേരുകളും ചിത്രങ്ങളും ഉണ്ടാകും. അത് കുട്ടി എടുത്താൽ ചിത്രവും യോജിച്ച പേരും എടുത്തുവെക്കുന്നു | ജൂൺ - ജൂലായ് | അറബിക് അധ്യാപകൻ | പി.ടി.എ<br>ബി.ആർ.സി<br>പൂർവ വിദ്യാർത്ഥികൾ | | 1000 |
| | അറബിക് ക്ലബ്ബ്പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, കുരുന്ന്വായന, കളിപ്പാട്ടങ്ങൾ, പദ നിർമ്മാണം | ജൂൺ - മാർച്ച് | | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായം | സാമ്പത്തികം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|---|
| | അക്ഷരഗാനം, പ്രാർത്ഥനാഗാനം, അക്ഷരക്കളരി, ആശംസാകാർഡ് നിർമ്മിച്ച് വായിക്കൽ, വാർത്താപ്രക്ഷേപണം, സ്കൂൾ അസംബ്ലി രണ്ടാഴ്ചയിൽ ഒരു ദിവസം അറബിക് അസം ബ്ലി. ദിനാചരണങ്ങൾ, വായനാവാരം, സംഭാ ഷണം, വിവരണം, കഥാപൂരണം, കവിതാപൂ രണം, എണ്ണസംഖ്യ അറബിയിൽ, കവിതാസ്വാ ആഗസ്റ്റ് ദനം, ജലസംരക്ഷണത്തെപ്പറ്റി അറബിക് ക്വിസ്, പുതിയപദങ്ങൾ പരിചയപ്പെടൽ, അറബിക് ഡെ, വീഡിയോ-ഓഡിയോ പ്രദർശനം, ഭാഷാനിയമങ്ങൾ, ഐ.സി.ടി. സാധ്യത ഉപ യോഗപ്പെടുത്തൽ, പുസ്തകവായന, അറ ബിക് ലൈബ്രറി, സമ്മാനപെരുമഴ - മത്സര ങ്ങളിലെ വിജയികൾക്കും ക്ലാസിലെ ടോപ്പ്സ്റ്റാറുകൾക്കും സമ്മാനം | ജൂൺ - മാർച്ച്<br>ജൂൺ - ജൂലായ്<br>ആഗസ്റ്റ്<br>ആഗസ്റ്റ്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | അറബിക് അധ്യാപകൻ | സഹ അധ്യാപകൻ<br>പി ടി എ<br>ബി ആർ സി<br>പി ഇ സി<br>പൂർവ വിദ്യാർത്ഥികൾ | | 1000<br>5000 |
| എഴുത്ത് മെച്ചപ്പെടുത്താൻ | വരയെഴുത്ത്. വലത്തുനിന്ന് ഇടത്തോട്ട് സ്ലേറ്റിലോ നോട്ട്ബുക്കിലോ അധ്യാപകൻ കൈപിടിച്ച് എഴുതിക്കുന്നു മണലെഴുത്ത് പിന്നോക്കക്കാരെ കൈപിടിച്ച് മണലിൽ എഴുതി പഠിപ്പിക്കുന്നു. എന്നിട്ടും ശരിയാകാത്തവരെ വായുവിലും നെറ്റിയിൽ തൊട്ടും അധ്യാപകൻ വിരലുപയോഗിച്ച് എഴുതുന്നു | ജൂൺ - ആഗസ്റ്റ്<br>ജൂൺ - മാർച്ച് | അറബിക് അധ്യാപകൻ | ബി ആർ സി<br>സി പി ടി എ<br>പി ടി എ<br>പി ഇ സി | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായം | സാമ്പത്തികം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|---|
| | ഐ.സി.ടി. സാധ്യതകൾ അവലംഭിക്കുന്നു പദനിർമ്മാണം, കയ്യെഴുത്ത് മാസിക, ചിത്രമെഴുത്ത്, വർക്ക് ബുക്ക് വർക്ക്ഷീറ്റുകൾ, ബോർഡെഴുത്ത്, ചുമരെഴുത്ത്, അക്ഷര കാർഡ്, അക്ഷരപൂരണം, കഥയെഴുത്ത്, കേട്ടെഴുത്ത്, കോപ്പിയെഴുത്ത്, അടിക്കുറിപ്പ് നിർമ്മാണം. | ജൂൺ - ആഗസ്റ്റ്<br>ജൂൺ - മാർച്ച് | അറബിക് അധ്യാപകൻ | ബി ആർ സി<br>സി പി ടി എ<br>പി ടി എ<br>പി ഇ സി | | 1000 |
| | ഫീൽഡ് ട്രിപ്പ്, റിപ്പോർട്ട് തയ്യാറാക്കൽ, അക്ഷരകട്ടകൾ കൊണ്ട് വാക്കുകൾ ക്രമീകരിച്ചെഴുതുന്നു. അക്ഷരക്കളി, പദപ്രശ്നം, പദസൂര്യൻ, ദിനാചരണങ്ങൾ, പത്രക്കുറിപ്പ്, ലൈബ്രറി പുസ്തകം കുറിപ്പ്, ജ്യാമിതീയരുപങ്ങളിലെ അറബി, പുല്ലിംഗവും സ്ത്രീലിംഗവും വേർതിരിക്കൽ, നിഘണ്ടു നിർമ്മാണം, കലണ്ടർ നിർമ്മാണം, വിതരണം,സംഭാഷണം. | | അറബിക് അധ്യാപകൻ | ബി ആർ സി<br>സി പി ടി എ<br>പി ഇ സി | | 1000 |

**മേഖല : അക്കാദമികം** **ഉപമേഖല : അറബിക്**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായം | സാമ്പത്തികം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|---|
| കുട്ടികളുടെ കായികക്ഷമത ഉറപ്പാക്കുന്നതിനും കായികപ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും | ദിവസം ഓരോ പിരീഡെങ്കിലും കായിക പരിശീലനത്തിന് ലഭ്യമാക്കണം. കൃത്യമായ ആസൂത്രണത്തോടെ ഏറ്റവും ചെറിയ ക്ലാസിൽനിന്ന് തന്നെ പരിശീലനം നൽകണം. കായികാധ്യാപകരെ എല്ലാ സ്കൂളിലും നിയ മിക്കണം | ജൂൺ - ജൂലായ് | കായികാ ദ്ധ്യാപകർ | ബി ആർ സി<br>പി ഇ സി | | |
| നീന്തൽപഠനം ഉറപ്പാക്കുക | അധ്യാപകരുടേയും രക്ഷിതാക്കളുടേയും നീന്തൽവിദഗ്ദരുടേയും സഹായത്തോടെ ഏറ്റവും അടുത്ത ജലാശയത്തിൽ നീന്തൽ പരിശീലനം | ജൂലായ്- ആഗസ്റ്റ് | അദ്ധ്യാപകർ രക്ഷിതാക്കൾ | പി ഇ സി<br>ബി ആർ സി | | |
| സൈക്ലിംഗ്, വ്യായാമം അനിവാര്യം | പെൺകുട്ടികളെയും ആൺകുട്ടികളെയും സൈക്ലിംഗ് പരിശീലിപ്പിക്കുക | ആഗസ്റ്റ് - സെപ്റ്റംബർ | കായികാ ദ്ധ്യാപകർ | ബി ആർ സി<br>പി ഇ സി | | |

## വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും പരിസ്ഥിതി ക്ലബ്ബ്, ആരോഗ്യക്ലബ്ബ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായം | സാമ്പത്തികം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|---|
| സ്കൂളും പരിസരവും, ക്ലാസ്മുറികളും വൃത്തിയാക്കുന്നതിന്റെ പ്രാധാന്യം | സ്കൂളും പരിസരവും, ക്ലാസ്മുറികളും വൃത്തിയാക്കുന്നതിന്റെ പ്രാധാന്യം പറഞ്ഞ് മനസിലാക്കുകയും ചെയ്ത് കാണിക്കുകയും ചെയ്യുന്നു | ജൂൺ - മാർച്ച് | ഹെൽത്ത് ക്ലബ്<br><br>ചുമതലയുള്ള അധ്യാപകർ എച്ച് എം | | 2000 | |
| ശുചിത്വവും ആരോഗവും | ടോയ്ലറ്റ് വൃത്തിയാക്കുന്നു. വൃത്തിഹീനമായ ടോയ്ലറ്റ് ആരോഗ്യത്തെ എങ്ങിനെ ബാധിക്കുന്നു ചർച്ച, ബോധവൽക്കരണ ക്ലാസ്സ് | ജൂൺ - മാർച്ച് | എച്ച് എം ഹെൽത്ത് ക്ലബ് അംഗങ്ങൾ | ബി ആർ സി | 2000 | |
| ശുചിത്വശീലങ്ങൾ | കുട്ടികളിൽ ശുചിത്വബോധമുറപ്പിക്കാൻ ബോധ വൽക്കരണ ക്ലാസ്സ്, പോസ്റ്റർ നിർമ്മാണം | ജൂൺ - മാർച്ച് | ആരോഗ്യ പ്രവർത്തകർ ഡോക്ടർമാർ എച്ച് എം | ബി ആർ സി<br><br>പി ഇ സി | 21000 | |
| പരിസ്ഥിതിയെ അറിയൽ, എന്റെ വീട്ടുപറമ്പിലെ കൂട്ടുകാർ എന്റെ ഓർമ്മമരം | പരിസ്ഥിതി ദിനാചരണം, പരിസ്ഥിതിഗാനം,പ്രസംഗം, അടുത്തുള്ള പറമ്പിലെ അപൂർവ്വ മായ വൃക്ഷങ്ങളെ കണ്ടറിയൽ, ചോദിച്ച് മന സ്സലാക്കൽ, വീട്ടുവളപ്പിലെ മുഴുവൻ മരങ്ങ ളെക്കുറിച്ച് രക്ഷിതാക്കളോടെ ചോദിച്ച് മനസ്സിലാക്കൽ | ഒരു മാസം | എച്ച് എം പരിസ്ഥിതി ക്ലബിലെ അംഗങ്ങൾ | കൃഷിഭവൻ | 1000 | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായം | സാമ്പത്തികം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|---|
| ജൈവകൃഷി, കൃഷിയുടെ ബാല പാഠം മനസ്സിലാക്കൽ | സ്കൂൾ മുറ്റത്തും പരിസരത്തും ചെറിയതോ തിലുള്ള കൃഷി ചെയ്യൽ, കൃഷിയുടെ വിവിധ ഘട്ടങ്ങൾ | 3 മാസം | അധ്യാപകർ രക്ഷിതാക്കൾ മറ്റ് അംഗങ്ങൾ | കൃഷിഭവൻ | 1000 | |
| **മേഖല : അക്കാദമികം** | | | **ഉപമേഖല : ശാസ്ത്രാഭിരുചി** | | | |
| നിരീക്ഷണം ശേഖരണം താരതമ്യം വർഗ്ഗീകരണം നിഗമനം | പരിസരത്തുള്ള വിവിധ തരം ഇലകൾ, പൂക്കൾ, മണ്ണ്, വേരുകൾ എന്നിവയിലെ വൈവിധ്യം നിരീക്ഷിക്കുന്നു. താരതമ്യപ്പെ ടുത്തുന്നു. വർഗ്ഗീകരിക്കുന്നു. ഇല പ്രിന്റ് | | ക്ലാസ് ടീച്ചർ | സഹ അധ്യാപകൻ | | |
| | നമ്മുടെ നാട്ടിലെ കലകൾ തിരിച്ചറിയുന്നു. (സി.ഡി. കളക്ഷൻ, ചിത്രങ്ങൾ) വിവരങ്ങൾ ശേഖരിക്കുന്നു | ഒക്ടോബർ | ക്ലാസ് ടീച്ചർ | സഹ അധ്യാപകൻ | 2000 | ബി ആർ സി<br>പി ഇ സി<br>പി ടി എ |
| | ഫീൽഡ് ട്രിപ്പ്, വിവിധസ്ഥലങ്ങളിലേക്ക് (കുന്ന്, മല, കൃഷി, പുഴ, ചരിത്രസ്മാരകങ്ങൾ, വിവിധതരം തൊഴിലുകൾ, കൈത്തറി നിർമ്മാണം, മൺപാത്രനിർമ്മാണം, നാടൻഭക്ഷണം പാകംചെയ്യൽ, പ്രദർശനം, മ്യൂസിയം സന്ദർശിക്കൽ, പ്ലാനിറ്റോറിയം, പഠനയാത്രകൾ | നവംബർ | ക്ലാസ് ടീച്ചർ | സഹ അധ്യാപകൻ<br>പി ടി എ | 2000 | പി ടി എ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായം | സാമ്പത്തികം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|---|
| ശാസ്ത്രകാര്യങ്ങളിൽ അഭിരുചി വളർത്തുന്നു | അഭിമുഖം,ബോധ വൽക്കരണ ക്ലാസ്, സ്ലൈഡ് ഷോ, സെമിനാറുകൾ, ബോധ വൽക്കരണ റാലികൾ | ജനുവരി - മാർച്ച് | ക്ലാസ് ടീച്ചർ | എച്ച് എം സഹ അധ്യാപകൻ<br>പി ടി എ | 1000 | |
| സംസ്ഥാനങ്ങൾ തിരിച്ചറിയുന്നു. സ്ഥലങ്ങൾ കണ്ടുപിടിക്കുന്നു. | കേരളം, ഇന്ത്യ, പഞ്ചായത്ത് ഇവയുടെ മേപ്പിംഗ് നടത്തുന്നു. സ്ഥലനാമകളി നടത്തുന്നു | സെപ്റ്റംബർ | ക്ലാസ് ടീച്ചർ | എച്ച് എം സഹ അധ്യാപകൻ | 2000 | |
| **മേഖല : അക്കാദമികം ഉപമേഖല : സയൻസ്** | | | | | | |
| പരീക്ഷണങ്ങളിലുടെയും നിരീക്ഷണങ്ങളിലുടെയും തന്റെ ചുറ്റുപാടുകളെകുറിച്ച് മനസിലാക്കുന്നതിന്<br><br>പരിസരശുചിത്വം | സ്കൂൾ പരിസരം നിരീക്ഷിച്ച് സസ്യങ്ങളെ തരംതിരിച്ച് എഴുതൽ<br>വീഡിയോ പ്രദർശനം – ബഹിരാകാശവിസ്മയം<br>ഫീൽഡ് ട്രിപ്പ് – ശാസ്ത്രമ്യൂസിയം<br>സെമിനാറുകൾ - ബഹിരാകാശവിസ്മയം, ബഹിരാകാശചരിത്രത്തിലെ ഇന്ത്യൻസംഭാവ നകൾ, രോഗങ്ങൾ, രോഗകാരികൾ<br><br>ഫീൽഡ് ട്രിപ്പ് പ്രതിരോധകുത്തിവെപ്പുകൾ | ജൂൺ<br><br>ഡിസംബർ | ശാസ്ത്രാധ്യാപകൻ ക്ലാസ്അധ്യാപകൻ | പി ഇ സി | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായം | സാമ്പത്തികം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|---|
| പഠനോപകരണ നിർമ്മാണം | ലഘുയന്ത്രങ്ങൾ, ഉത്തോലകങ്ങൾ, സീസോ നിർമ്മാണം | | ശാസ്ത്രാധ്യാപകൻ ക്ലാസ്അധ്യാപകൻ | പി ടി എ<br>പി ഇ സി | 1000 | പി ടി എ |
| വൈവിധ്യങ്ങൾ നിറഞ്ഞതാണ് സസ്യലോകം അപഗ്രഥനം നടത്തി നിഗമനരൂപീകരണം | ജൈവവൈവിധ്യ പാർക്ക് നിർമ്മാണം<br>പട്ടികകൾ അപഗ്രഥിച്ച് നിഗമനം രൂപീകരിക്കുക. | മാർച്ച് 2018 | | ബി ആർ സി<br>പൂർവ വിദ്യാർത്ഥികൾ | 2000 | ക്ലബുകൾ |
| പരീക്ഷണത്തിലൂടെ നിഗമനങ്ങൾ രൂപീകരിക്കുക | പരീക്ഷണങ്ങൾ<br>വിത്ത് മുളയ്ക്കുന്ന വിവിധ ഘട്ടങ്ങൾ<br>പ്രകാശത്തിന്റെ സഞ്ചാരം | ജൂൺ - മാർച്ച് | | പി ടി എ | | പൂർവ വിദ്യാർത്ഥി സംഘടന |
| | | | | | | |
| പ്രാദേശിക ചരിത്രംപരിചയപ്പെടൽ | പ്രാദേശിക വിഭവ ഭൂപടനിർമ്മാണ സാമൂഹ്യ ശാസ്ത്ര പഠന പരിപോഷണത്തിന് അനിവാര്യമായ വ്യക്തികൾ, സ്ഥാപനങ്ങൾ, സ്ഥലങ്ങൾ കണ്ടെത്തി പ്രാദേശിക ചരിത്രവും ഭൂപടവും നിർമ്മിക്കുക<br>സെമിനാർ സർവ്വെ | ജൂൺ | | പി ടി എ<br>പൂർവ വിദ്യാർത്ഥികൾ | | പി ടി എ<br>ബി ആർ സി<br>സി പി ടി എ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായം | സാമ്പത്തികം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|---|
| ചരിത്രകാലവും ചരി ത്രാതീത കാലവും തമ്മിലുള്ള അറിവ് | വീഡിയോ പ്രദർശനം, ശേഖരണം, ഫീൽഡ് ട്രിപ്പുകൾ, ചരിത്രമ്യൂസിയം | ജൂൺ | | | | |
| പ്രപഞ്ച വിസ്മയം പരിചയപ്പെടൽ | യൂറോപ്പ് പരിവർത്തനപാതയിൽ (ഭൂപടംവരച്ച് വൻകരകളും സമുദ്രങ്ങളും അടയാളപ്പെടുത്തൽ വ്യക്തിഗത ആൽബം എസ്.എസ്. ക്ലബ്ബ് അവതരണം | ജൂലായ് - ആഗസ്റ്റ് | ക്ലാസ് ടീച്ചർ | പി.ടി.എ. സഹാധ്യാപകൻ | | |
| | കുടുംബബജറ്റ് സർവ്വെ | സപ്റ്റംബർ | | പി.ടി.എ. | | പി.ടി.എ. |
| വേദകാലത്തെക്കുറിച്ചുള്ള അറിവ് | താരതമ്യപഠനം (ഋഗ്വേദ കാലത്തെയും പിൽക്കാലവേദകാലത്തെയും തിരിച്ചറിഞ്ഞ് അതിനെ ഹരപ്പയിലെ ജീവിതവുമായി താരതമ്യം ചെയ്യുന്നു.) തിണകളുടെ പ്രത്യേകതകൾ പട്ടികപ്പെടുത്തുന്നു. മഹാശിലാസംസ്ക്കാരം (വിശദീകരണം) | നവംബർ- ഡിസംബർ | സാമൂഹ്യശാസ്ത്രം - അധ്യാപിക | പി.ടി.എ. സഹാധ്യാപിക | | പി ഇ സി<br>ബി ആർ സി<br>സി പി ടി എ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായം | സാമ്പത്തികം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|---|
| പുരാണ സംസ്കാരങ്ങളെക്കുറിച്ച് അറിയൽ | പുരാണ ഇന്ത്യയിൽ നിലനിന്നിരുന്ന മഹാജനപദങ്ങൾ വിശദീകരിക്കൽ<br>പുരാതന സംസ്കാരങ്ങളെക്കുറിച്ചുള്ളപഠനം താരതമ്യം, പട്ടികപ്പെടുത്തൽ | ഡിസംബർ-മാർച്ച് | സാമൂഹ്യശാസ്ത്രം - അധ്യാപിക | പി.ടി.എ | | |
| **മേഖല : അക്കാദമികം ഉപമേഖല : ജൈവ വൈവിധ്യ പാർക്ക്** | | | | | | |
| വിവിധ തരം സസ്യങ്ങളെ പരിചയപ്പെടലും ജീവികളുംസസ്യങ്ങളും പരസ്പരആശ്രയം മനസിലാക്കൽ | വിവിധതരം സസ്യങ്ങൾ വെച്ചുപിടിപ്പിക്കൽ, പൂന്തോട്ടം, ഔഷധത്തോട്ടം, പച്ചക്കറികൾ, ഹരിതപരിസരം | ദീർഘകാലം | എച്ച് എം<br>സഹ അധ്യാപിക | | 25000 | മാനേജ്മെന്റ്<br>പി. ടി. എ<br>പൂർവ വിദ്യാർത്ഥികൾ |
| **മേഖല : അക്കാദമികം ഉപമേഖല : ലൈബ്രറി നവീകരണം** | | | | | | |
| വായനക്കാർക്ക് പുസ്തക ലഭ്യത എളുപ്പമാക്കൽ | • വിഷയാധിഷ്ഠിതമായി ക്രമീകരിക്കൽ<br>• കാറ്റലോഗ് പ്രദർശിപ്പിക്കൽ<br>• ക്ലാസ് ലൈബ്രറി<br>• ഹോം ലൈബ്രറി<br>• അമ്മവായന<br>• പുസ്തക ശേഖരണം | | ലൈബ്രറി<br>അദ്ധ്യാപകർ<br>എസ്.ആർ.ജി | അധ്യാപകൻ<br>പി.ടി.എ<br>ബി.ആർ.സി.<br>പി.ഇ.സി | | പൂർവ വിദ്യാർത്ഥികൾ<br>പി.ടി.എ<br>ടീച്ചേഴ്സ് |
| | | | | | | |

മേഖല : അക്കാദമികം ഉപമേഖല : ശല

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായം | സാമ്പത്തികം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾസമൂഹവുമായി പങ്കിടൽ | • തൊഴിൽ പരിശീലനം<br>• ലൈബ്രറി റഫറൻസ്<br>• ബോധവൽക്കരണക്ലാസ്<br>• ആഘോഷങ്ങൾ<br>• ദിനാചരണങ്ങൾ<br>• വിദ്യാലയ വികസന സമിതി<br>• പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം | ജൂൺ - മാർച്ച് | എച്ച് എം<br>എസ്.ആർ.ജി | അധ്യാപകൻ<br>പി.ടി.എ<br>പൂർവ വിദ്യാർത്ഥികൾ | 10000 | പി.ടി.എ<br>പൂർവ വിദ്യാർത്ഥികൾ<br>മാനേജ്മെന്റ് |
| | | | | | | |

# ഉപസംഹാരം

നൊച്ചാട് എ.എം.എൽ.പി. സ്കൂളിന്റെ പരിമിധികളും സാധ്യതകളും മുൻനിർത്തി വിശദമായ പരിശോധനയുടേയും അന്വേഷണ നിരീ ക്ഷണത്തിന്റെയും ഫലമായി രൂപപ്പെടുത്തിയ താണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.

തികച്ചും പൂർണ്ണമായ ഒന്നാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. എങ്കിലും ഞങ്ങളുടെ കഴിവിന്റെ പരമാവധി പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പൊതുജനങ്ങളുടേയും രക്ഷിതാക്കളുടേയും പൂർവ്വവിദ്യാർത്ഥികളുടെ ഭരണകൂടത്തിന്റെയും അറിവിനായി ഞങ്ങൾ സമർപ്പിക്കുന്നു.

ഹൃദയപൂർവ്വം,

എച്ച്.എം.

സഹാധ്യാപകർ